• പക്ഷിപ്പനി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ, സംരക്ഷണ ആവരണങ്ങൾ (പി.പി.ഇ. കിറ്റുകൾ) മുതലായവ സ്വരൂപിച്ച് മൂന്ന് ജില്ലകളിൽ അടിയന്തരമായി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു എച്ച് 1 എൻ 1 കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ആലപ്പുഴയിലും കോട്ടയത്തും പത്തനംതിട്ടയിലും ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേകം നിയോഗിക്കപ്പെട്ട ഡോക്ടർമാർ, മറ്റ് അനുബന്ധ ജീവനക്കാർ എന്നിവർ തയ്യാറാണ്. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ വേണ്ടിവന്നാൽ എച്ച് 5 എൻ 1 രോഗിക്ക് ഐ.സി.യു. പരിചരണം നൽകാൻ സജ്ജമാക്കിയിട്ടുണ്ട്. വെന്റിലേറ്റർ അടക്കമുള്ള സംവിധാനങ്ങൾ തയ്യാറാണ്. കൂടാതെ പ്രതിരോധ മരുന്നായ ഒസൾട്ടാമിവിർ, പി.പി.ഇ കിറ്റുകൾ, മാസ്കുകൾ എന്നിവ ഈ മൂന്നു ജില്ലകളിലുമായി ലഭ്യമാക്കിയിട്ടുണ്ട്.

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

53 (2604) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് H1-N1, H5-N1 തുടങ്ങിയ വിവിധ പകർച്ച വ്യാധികൾ വ്യാപിക്കുമ്പോഴും പരിശോധനാ ഫലങ്ങൾ ലഭ്യമാക്കുന്നതിലെ കാലതാമസം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിച്ചിരുന്നെങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുമായിരുന്നോ ;

(സി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങളെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിന് രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള ശാസ്ത്ര-ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണവും സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് സ്ഥാപിച്ച വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക് കൈമാറുന്നതിന് മുഖ്യമന്ത്രിതലത്തിൽ നടന്ന ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്.

ആശുപത്രി വികസന സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരണം

54 (2605) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ സംസ്ഥാനത്ത് എത്ര ജനറലാശുപത്രികളിൽ ആശുപത്രി വികസന സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) ഇപ്രകാരം കമ്മിറ്റി രൂപീകരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശമായിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ സംസ്ഥാനത്തെ 4 ജനറലാശുപത്രികളിൽ ആശുപത്രി വികസന സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തിരുവനന്തപുരം - ജനറൽ ആശുപത്രി, തിരുവനന്തപുരം

ജനറൽ ആശുപത്രി, നെയ്യാറ്റിൻകര

പത്തനംതിട്ട - ജനറൽ ആശുപത്രി, അടൂർ

തൃശ്ശൂർ - ജനറൽ ആശുപത്രി, തൃശ്ശൂർ

(ബി) സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

പോളിയോ വിമുക്ത കേരളം

54 (2605) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം പോളിയോ വിമുക്തമായിട്ടും തുടർ വർഷങ്ങളിലും പോളിയോ നിർമ്മാർജ്ജന പരിപാടി നടപ്പിലാക്കാനുദ്ദേശിക്കുന്നതിനെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly